**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **04-10-2021 - ൽ മറുപടിയ്ക്ക്**

**സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമൂഹമാധ്യമങ്ങളിലൂടെയും മറ്റിതര മേഖലകൾ വഴിയും മതവിദ്വേഷ പ്രവർത്തനങ്ങൾ കൂടി വരുന്നതും, ആയത് സംസ്ഥാനത്ത് ഉണ്ടാക്കുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത വിദ്വേഷ പ്രവർത്തനങ്ങളും മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും വളരെ ഗൗരവമായി കാണുകയും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ 10 വർഷകാലയളവിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയവരുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ 10 വർഷ കാലയളവിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ 1798 ആളുകളുടെ പേരിൽ 464 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 236 കേസുകളിൽ കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്ന തരത്തിൽ അന്വേഷണം നടത്തി ബഹു. കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് മതവിദ്വേഷ പ്രചരണവും പ്രവർത്തനങ്ങളും നടത്തി മതസൗഹാർദ്ദം തകർക്കുന്ന ഛിദ്രശക്തികളെ ഇല്ലാതാക്കാനും ഇവർക്കെതിരെ കർശന ശിക്ഷാനടപടി ഉറപ്പാക്കാനുമായി നിയമനിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നത് പരിഗണിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സാമൂഹ്യമാധ്യമങ്ങളിലൂടെ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിലും വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന തരത്തിലും പ്രചരണം നടത്തുന്നവരെ നിരീക്ഷിച്ചുവരുന്നതും, അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിങ്ങുകൾ നടത്തി വരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും, സ്റ്റേറ്റ്/ ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രാദേശങ്ങളിൽ നിന്നും മുൻകൂറായി വിവരശേഖരണം നടത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികളാണ് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നത്. മതവിദ്വേഷ പ്രചരണം നടത്തുന്നവർക്കെതിരെ നടപടിയെടുക്കുവാൻ ഇന്ത്യൻ ശിക്ഷാനിയമത്തിൽ തന്നെ വ്യവസ്ഥയുള്ളതിനാൽ പുതിയൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമുദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ